എന്നാൽ വിദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന പുകയില, തുണിത്തരങ്ങൾ, പഞ്ചസാര എന്നിവ 5 ശതമാനം ബഹുമുഖ വിൽപ്പന നികുതിക്കു വിധേയമാണ്. എങ്കിലും ഈ അടുത്ത കാലത്ത് കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിനനുവദിച്ച ഇറക്കുമതി ചെയ്ത പഞ്ചസാരയ്ക്ക് 1985 ജൂൺ മുതൽ 1986 മാർച്ചു വരെ വിൽപ്പന നികുതി ഈടാക്കേണ്ടതില്ലെന്ന് ഉത്തരവായിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു വരുന്നു.

ജാനകിയമ്മ കമ്മീഷൻ റിപ്പോർട്ട്

* 140. [143] ശ്രീ. കാനം രാജേന്ദ്രൻ :
,, കെ. ഇ. ഇസ്മയിൽ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) വൈപ്പിൻ മദ്യദുരന്തത്തെക്കുറിച്ച് അന്വേഷിക്കാൻ നിയമിച്ച ജാനകിയമ്മ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) മദ്യദുരന്തം ഒഴിവാക്കാൻ അബ്കാരി നിയമത്തിൽ എന്തെല്ലാം ഭേദഗതി വരുത്താൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട് ;

(സി) പ്രസ്തുത നിയമം ഭേദഗതി വരുത്താൻ എന്തെല്ലാം നടപടികൾ എടുത്തു ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ :)

(എ) ഉണ്ട്

(ബി, സി) കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചു വരികയാണ്. റിപ്പോർട്ട് യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണ്.

എം. എൽ. എ. മാർ നിർദ്ദേശിക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ പണി

* 141 [144] ശ്രീ. വി. കെ. രാജൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കെ. ടി. കണാരൻ :
,, എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

എം. എൽ. എ. മാർ നിർദ്ദേശിക്കുന്ന രണ്ടു സ്കൂൾ കെട്ടിടങ്ങളുടെ പണി നടത്തും എന്ന് പ്രഖ്യാപിച്ചശേഷം അത്തരം എത്ര സ്കൂളുകളിലെ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

എം. എൽ. എ. മാർ നിർദ്ദേശിക്കുന്ന രണ്ടു സ്കൂളുകളുടെ വീതം പണി നടത്തുന്നതിന് പ്രത്യേകമായി നിർമ്മാണ സ്കീം ഒന്നും നിലവിലില്ലെങ്കിലും വെള്ളപ്പൊക്ക കെടുതികളെ തുടർന്ന് അത്യാവശ്യമായി കെട്ടിടം പണി ആവശ്യമുള്ള രണ്ടു സ്കൂളുകളുടെ പേര് നിർദ്ദേശിക്കുവാൻ എം. എൽ. എ. മാരോട് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ചുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചതിനുശേഷം 249 സ്കൂളുകളുടെ പണികൾ/പുതുക്കി

LIBRARY ARCHIVES Kerala Legislative Assembly

പുതുക്കിപ്പണി നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ പണി പുതുക്കിപ്പണി നടത്തേണ്ടതേ് അതതു സ്കൂളുകളുടെ അദ്ധ്യാപക രക്ഷകർത്തൃ സംഘടനകളാണ്.

പാഠ്യ പദ്ധതിയിൽ മാറ്റം വരുത്താൻ നടപടി

* 142 [145] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 വർഷം മുതൽ പാഠ്യ പദ്ധതിയിൽ സമഗ്രമായ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങളും ഏതുവിധത്തിലാണ് മാറ്റം വരുത്തുന്നതെന്നും വിശദമാക്കാമോ ;

(സി) മാറ്റം വരുത്തണമെന്നുള്ള നിർദ്ദേശം ഗവൺമെൻറിന് സമർപ്പിച്ചതാര് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുന്നതിനും അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്ര സാങ്കേതിക വിജ്ഞാനത്തിനനുസൃതമായും പാഠ്യപദ്ധതി പരിഷ്ക്കരിക്കണമെന്ന ഉദ്ദേശത്തിലാണ് 1983-84-ൽ പാഠ പുസ്തകങ്ങൾ മാറ്റം വരുത്തുന്നതിന് തീരുമാനിച്ചത്. 1984-85-ൽ 5-ും 8-ും ക്ലാസ്സുകളിലെ ഭാഷേതര വിഷയങ്ങളും 1985-86-ൽ 6-ും 9-ും ക്ലാസ്സുകളിലെ ഭാഷേതര വിഷയങ്ങളും 1-ാം ക്ലാസ്സിലെ പാഠാവലിയും പുതുക്കുകയുണ്ടായി. 1986-87-ൽ 7-ാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്രം, അടിസ്ഥാന ശാസ്ത്രം, അടിസ്ഥാന ഗണിതം എന്നീ വിഷയങ്ങളും 2-ാം ക്ലാസ്സിലെ പാഠാവലിയും 10-ാം ക്ലാസ്സിലെ രസതന്ത്രം, ഊർജ്ജതന്ത്രം, ജീവശാസ്ത്രം, ആരോഗ്യ ശാസ്ത്രം, ഭാരതവും ലോകചരിത്രവും, സാമ്പത്തിക ശാസ്ത്രവും പൊളിറ്റിക്കൽ സയൻസും, ഭൂമിശാസ്ത്രം, ഗണിതശാസ്ത്രം, ഇൻഡ്യൻ കൾച്ചർ എന്നീ പുസ്തകങ്ങളും മാറ്റം വരുത്തുന്നുണ്ട്. പ്രീ വൊക്കേഷണൽ വിഷയങ്ങൾ 9, 10 എന്നീ ക്ലാസ്സുകളിൽ നടപ്പിൽ വരുത്തും.

(സി) സർക്കാർ ഇതിലേക്ക് രൂപീകരിച്ചിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റി.

അബ്കാരി കോൺട്രാക്റ്റേഴ്സിനു നൽകിയ സ്റ്റേ ഉത്തരവുകൾ

* 143 [146] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം 1986 ഫെബ്രുവരി 28 വരെ അബ്കാരി കോൺട്രാക്റ്റേഴ്സിന് സ്റ്റേ കൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പേർക്ക് ;

(സി) എത്ര രൂപയ്ക്കുവീതം ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ) :

(എ) അബ്കാരി കോൺട്രാക്റ്റേഴ്സിന് കുടിശിക അടയ്ക്കുന്നതിന് സാവകാശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly